"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - കാലവർഷക്കെടുതികൾ-എസ്. ഡി. ആർ. എഫ് -കോഴിക്കോട് ജില്ലയിലെ കോഴിക്കോട് കോർപ്പറേഷൻ പരിധിയിലെ കൽക്കുന്നത്ത് ഈസ്റ്റ് റോഡ് പുനരുദ്ധാരണ പ്രവൃത്തി - കാലാവധിക്ക് ശേഷം കരാറിലേർപ്പെട്ട നടപടി സാധൂകരിച്ചും പ്രവൃത്തി പൂർത്തീകരണത്തിലെ കാലതാമസം മാപ്പാക്കി - അന്തിമ ബിൽ തുക അനുവദിയ്ക്കുന്നതിന് ജില്ലാകളക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.230/2026/DMD തീയതി,തിരുവനന്തപുരം, 21-05-2026

---

പരാമർശം:-
1. സ.ഉ.(സാധാ)നം. 291/2023/ഡി.എം.ഡി. തീയതി, 08.05.2023
2. കോഴിക്കോട് ജില്ലാ കളക്ടറുടെ 23.03.2026 ലെ DCKKD/3229/2024-F13 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

എസ്.ഡി.ആർ.എഫ്. മാനദണ്ഡപ്രകാരം കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി കോഴിക്കോട് ജില്ലയിലെ കോഴിക്കോട് കോർപ്പറേഷൻ പരിധിയിലെ കൽക്കുന്നത്ത് ഈസ്റ്റ് റോഡ് പുനരുദ്ധാരണ പ്രവൃത്തിക്ക് പരാമർശിത ഉത്തരവ് പ്രകാരം 10,00,000/- (പത്ത് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ടി പ്രവൃത്തിക്ക് ടെണ്ടർ റീടെണ്ടർ നടപടി സ്വീകരിക്കുകയും കരാറിൽ ഏർപ്പെട്ട് പ്രവൃത്തി ആരംഭിക്കുകയും ചെയ്തു.എന്നാൽ പ്രദേശവാസികളുടെ ആവശ്യപ്രകാരം നിർത്തിവെക്കേണ്ടി വരുകയും 31-01-2025 ന് പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു.മേൽ സാഹചര്യത്തിൽ പ്രവൃത്തി പൂർത്തീകരണത്തിലുണ്ടായ കാലതാമസം മാപ്പാക്കി അന്തിമ ബിൽ തുക അനുവദിക്കുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശിത കത്ത് പ്രകാരം ജില്ലാകളക്ടർ അഭ്യർത്ഥിച്ചു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാകളക്ടറുടെ ശിപാർശയും നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണവും പരിഗണിച്ച് പരാമർശിത ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്ന കോഴിക്കോട് ജില്ലയിലെ കോഴിക്കോട് കോർപ്പറേഷൻ പരിധിയിലെ കൽക്കുന്നത്ത് ഈസ്റ്റ് റോഡ് പുനരുദ്ധാരണ പ്രവൃത്തിക്ക് കാലാവധിക്ക് ശേഷം കരാറിൽ ഏർപ്പെട്ട നടപടി സാധൂകരിച്ചും പ്രവൃത്തി പൂർത്തീകരിച്ചതിലെ കാലതാമസം മാപ്പാക്കിയും എസ്.ഡി.ആർ.എഫ്. മാനദണ്ഡ പ്രകാരം അനുവദനീയമായ പ്രവൃത്തിക്ക് വേണ്ടി ചെലവായ തുകയിൽ നിന്നും

കരാറിന്റെ അടിസ്ഥാനത്തിൽ പി.ഡബ്ല്യൂ.ഡി. വകുപ്പ് മാന്വൽ പ്രകാരമുള്ള ഫൈൻ ഈടാക്കിയ ശേഷം അന്തിമ ബിൽ തുക മാറി അനുവദിക്കുന്നതിന് ജില്ലാകളക്ടർക്ക് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BINDU C VARGHESE
അഡിഷണൽ സെക്രട്ടറി

ജില്ലാ കളക്ടർ, കോഴിക്കോട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കാസറഗോഡ്
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് &ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം.DMB3/39/2026-DMD)

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
Date: 21-05-2026 16:47:53
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ദുരന്ത നിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ. യ്ക്ക്